**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2509** **13-02-2024 - ൽ മറുപടിയ്ക്ക്**

**ബുക്ക് ഓഫ് ഫിനാൻഷ്യൽ പവേഴ്സ്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന ധനകാര്യ വകുപ്പ് ബുക്ക് ഓഫ് ഫിനാൻഷ്യൽ പവേഴ്സ് എന്ന ഔദ്യോഗിക ഡോക്യുമെന്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം വിവരങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ ? | (ബി) | വകുപ്പ് മേധാവികൾക്ക് നൽകിയിട്ടുള്ള സാമ്പത്തിക അധികാരങ്ങൾ, വകുപ്പ് മേധാവികൾക്ക് നൽകിയിട്ടുള്ള പ്രത്യേക അധികാരങ്ങൾ, വകുപ്പ് മേധാവിയുടെ താഴെയുള്ള സബോർഡിനേറ്റ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള അധികാരങ്ങൾ, ഗസറ്റഡ് ഉദ്യോഗസ്ഥർക്ക് പൊതുവെ നൽകിയിട്ടുള്ള സാമ്പത്തിക അധികാരങ്ങൾ എന്നിവയാണ് ബുക്ക് ഓഫ് ഫിനാൻഷ്യൽ പവേഴ്സിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. നിലവിൽ GO(P)No.102/2017/Fin dated 07.08.2017 അനുസരിച്ച് ഭരണവകുപ്പുകൾക്കും വകുപ്പ് മേധാവികൾക്കും സാമ്പത്തിക അധികാരം നൽകിയിട്ടുണ്ട്. കൂടാതെ വകുപ്പ് മേധാവികൾക്ക് കീഴിലുള്ള ഓഫീസുകളിലെ ഉദ്യോഗസ്ഥർക്ക് സാമ്പത്തിക അധികാരം നൽകുന്നതിന് ബന്ധപ്പെട്ട ഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി, വകുപ്പ് മേധാവി, ധന ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പുകളിലെ പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്ന എംപവേർഡ് കമ്മിറ്റി ചേർന്ന് സാമ്പത്തിക അധികാരം നിശ്ചയിക്കുന്നതിന് GO(P)No.102/2017/Fin dated 07.08.2017 പ്രകാരം അനുമതിയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ